# 'മുജീബ്'
# അല്ലാഹുവിന്റെ ഗുണനാമം- 3

**ക**ഴിഞ്ഞതിന്റെ മുമ്പിലത്തെ ഖുത്ബയിൽ, ഇക്കാലഘട്ടത്തിൽ അല്ലാഹുതആല തന്റെ പ്രിയപ്പെട്ട മസീഹ് മഹ്ദിയെ വിശ്വസിക്കാൻ തൗഫീഖ് നല്കിയ നാം ഭാഗ്യവാന്മാരാണെന്ന് ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ പ്രിയപ്പെട്ട നബി(സ)യുടെ സത്യസന്ധനായ പ്രേമിയാണ്. അദ്ദേഹം ഇന്ന് തന്റെ യജമാനരായ നബി(സ)യെ പിൻപറ്റിക്കൊണ്ട്, നമ്മെ ദുആ ചെയ്യേണ്ട രീതിയും ശൈലിയും പഠിപ്പിച്ചു. തന്റെ ദുആ സ്വീകാര്യതയുടെ അടയാളം കാണിച്ചുകൊണ്ട് അല്ലാഹുവിന്റെ അസ്തിത്വത്തിൽ പരിപൂർണ്ണമായ ദൃഢവിശ്വാസം നമ്മിൽ ജനിപ്പിച്ചു. അവിടന്ന് തന്റെ എതിരാളികളെ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു; നിങ്ങൾ ഇരുന്നും നിന്നും എന്നെ ചീത്തപറയുന്നു. കാഫിറെന്നും ദജ്ജാലെന്നും വിളിക്കുന്നു (നഊദുബില്ലാഹ്) ഞാനുമായി പ്രാർത്ഥനയിൽ മത്സരിക്കുക. അതിനുവേണ്ടി അവിടന്ന് മറ്റു കാര്യങ്ങൾക്കുപുറമെ ദുആ സ്വീകാരത്തിന്റെ ആഹ്വാനവും ചെയ്തു. പക്ഷേ, ആർക്കും തന്നെ എതിരിൽ വരാൻ തന്റേടമുണ്ടായില്ല. ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഉദിച്ചുയരുന്ന ഓരോ ദിവസവും, കഴിഞ്ഞ നൂറുവർഷത്തിലധികമായി എതിരാളികൾ അങ്ങേയറ്റം പരിശ്രമിച്ചിട്ടും, എന്നല്ല ചില ഭരണകൂടങ്ങൾതന്നെ പരിശ്രമിച്ചിട്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ തന്നെയാണ് ഇന്ന് സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ പിന്നിൽ നബി(സ) തിരുമേനി തന്റെ ഈ മസീഹ് മഹ്ദിയ്ക്കുവേണ്ടി ചെയ്ത ദുആയും തീർച്ചയായും ഉണ്ട്. ഇന്ന് ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങൾ പറയുന്നതാണ്. ഇതിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹുവിന്റെ പെരുമാറ്റം എങ്ങനെയായിരുന്നുവെന്ന് മനസ്സിലാകുന്നതാണ്. എങ്ങനെയാണ് വിവിധ അവസരങ്ങളിൽ, തന്നെ വിശ്വസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ അകലാൻ അവിടന്ന് ദുആ ചെയ്തത്. അല്ലെങ്കിൽ അവരുടെ ഈമാൻ വർദ്ധിയ്ക്കാൻ വേണ്ടി അവിടന്ന് ദുആ ചെയ്യാറുണ്ടായിരുന്നത്. അല്ലെങ്കിൽ ജമാഅത്തിന്റെ അഭിവൃദ്ധിക്കായി അവിടന്ന് ദുആ ചെയ്തിരുന്നത്. അല്ലെങ്കിൽ വൈജ്ഞാനികമായ ദിവ്യാത്ഭുതം കാണിക്കുന്നതിനായി അവിടന്ന് ദുആ ചെയ്തിരുന്നത്. ഏതൊരു വിശ്വാസികളുടെ മുമ്പിൽ വെച്ചാണോ ഈ ദുആ ചെയ്തത് ആ ദുആയുടെ സ്വീകാരത്തിന്റെ അടയാളം കാണിച്ചുകൊണ്ട് അവരുടെ ഈമാനിൽ വർദ്ധനവിന് അത് കാരണമാക്കി. എന്നല്ല, ഇന്നും ഈ സംഭവങ്ങൾ വായിച്ചുകൊണ്ട്, ഏതൊരു കുടുംബവുമായി ബന്ധപ്പെട്ടാണോ ഈ സംഭവം ഉണ്ടായത്, അവരുടെ മക്കളിൽ പരമ്പരയായി അത് നടന്നുവന്ന് അവരുടെയെല്ലാം ഈമാൻ വർദ്ധിക്കുന്നതിന് അത് കാരണമായിക്കൊണ്ടിരിക്കുന്നു. അവിടത്തെ ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തങ്ങൾ ആയിരക്കണക്കിലാണുള്ളത്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ അതിലെ ചിലത് ഞാൻ പറയുന്നതാണ്.

ആദ്യം ഞാൻ ഒരു ചെറിയ സംഭവം പറയാം. അതിൽനിന്ന് അവിടന്ന് എത്രമാത്രം സൂക്ഷ്മതയോടെയാണ് ജനങ്ങളോടുള്ള കടമ നിറവേറ്റാൻ ശ്രമിച്ചിരുന്നതെന്ന് മനസ്സിലാകുന്നതാണ്. ഇനി എവിടെയെങ്കിലും അഥവാ എന്തെങ്കിലും കാരണത്താൽ വീഴ്ചയുണ്ടായാൽതന്നെ അതറിഞ്ഞ് ഉടനെ അത് തിരുത്താൻ ശ്രമിച്ചിരുന്നു. അത് നിറവേറ്റുന്നതിനായി ദുആയും ചെയ്തിരുന്നു.

ഹസ്റത്ത് മിയാൻ സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു. "ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) വെളിയിൽ നടക്കാൻ പോയതിനുശേഷം തിരിച്ചുവന്നു. വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ ഏതോഒരു ഭിക്ഷക്കാരൻ ദൂരെനിന്ന് ഭിക്ഷ ചോദിച്ചു. ആ നേരത്ത് ഒരുപാടാളുകൾ അവിടെ ഉണ്ടായിരുന്നു. അവരുടെ സംസാര ശബ്ദത്തിനിടയിൽ ഈ ഭിക്ഷക്കാരൻ ശബ്ദം അമർന്നുപോയി. ഹസ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിനുള്ളിലേക്കുപോയി. കുറച്ചുകഴിഞ്ഞ് ആളുകളുടെ ശബ്ദം നിലച്ചപ്പോൾ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചെവിയിൽ ഭിക്ഷക്കാരന്റെ ദുഃഖം നിറഞ്ഞ ശബ്ദം വന്നലച്ചു. ഉടനെ അവിടന്ന് വെളിയിൽ വന്നിട്ട്, ഒരു ഭിക്ഷക്കാരൻ ഭിക്ഷ ചോദിച്ചിരുന്നു അയാൾ എവിടെപ്പോയി എന്നു ചോദിച്ചു. അയാൾ ഇവിടെനിന്ന് പോയി എന്ന് ആളുകൾ പറഞ്ഞു. ഇതിനുശേഷം അവിടന്ന് മുറിയിലേക്കുപോയി. എന്നാൽ മനസ്സ് അങ്ങേയറ്റം വിഷമത്തിലായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ വീണ്ടും ആ ഭിക്ഷക്കാരന്റെ ശബ്ദം വാതിൽക്കൽ കേട്ടു. അവിടന്ന് ക്ഷണത്തിൽ വെളിയിൽവന്നു. അയാളുടെ കൈയിൽ കുറച്ചു തുകവെച്ചുകൊണ്ടുപറഞ്ഞു. ഈ ഭിക്ഷക്കാ

രൻ കാരണത്താൽ ഞാൻ അസ്വസ്ഥനായിപ്പോയിരുന്നു. അല്ലാഹു ഇയാളെ തിരിച്ചുകൊണ്ട് വരാൻ ഞാൻ ദുആയും ചെയ്തിരുന്നു."

ബാഹ്യമായി നോക്കുമ്പോൾ ഇത് ചെറിയൊരു കാര്യമാണ്. ഭിക്ഷക്കാരൻ വന്നു. ഭിക്ഷചോദിച്ചു. പക്ഷേ, ആളുകളുടെ തിരക്കുകാരണത്താൽ ശരിയായ നിലയിൽ അദ്ദേഹത്തിന് അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ, അയാളൊരു ഭിക്ഷക്കാരനാണെന്നറിഞ്ഞപ്പോൾ ഉടനെ മനസ്സ് വിഷമിച്ചു. വെളിയിൽവന്ന് തിരക്കുന്നു. പോയെന്ന് പറഞ്ഞപ്പോൾ, സാരമില്ല എന്നു പറഞ്ഞില്ല. നേരെമറിച്ച് അ.യാളുടെ ആവശ്യം നിറവേറ്റിക്കൊടുക്കാൻ അല്ലാഹുവേ, അയാളെ നീ തിരിച്ചുകൊണ്ടുവരണേ എന്ന് ദുആ ചെയ്യുന്നു. അല്ലാഹുവും ആ അസ്വസ്ഥമായ ഹൃദയത്തിന്റെ ദുആ ഉടനെ സ്വീകരിക്കുന്നു.

മസീഹ് മൗഊദ്(അ)ന്റെ കൈകൊണ്ട് ആത്മീയമായ രോഗം സുഖപ്പെടുന്നതിനോടൊപ്പം- അത് സുഖപ്പെടുകയും ചെയ്തു. കള്ളന്മാരും കൊള്ളക്കാരും മസീഹ് മൗഊദ്(അ)ന്റെ കൈയാൽ അല്ലാഹുവിന്റെ വലിമാരായിത്തീരുകയും ചെയ്തിരുന്നു- മസീഹ് മൗഊദ്(അ)ന്റെ ദുആ മുഖേന ശാരീരികമായ രോഗവും സുഖപ്പെട്ടിരുന്നു. ഒരുപാട് സംഭവങ്ങൾ ഇതുമായി ബന്ധപ്പെട്ടിട്ടുണ്ട്.

ഹസ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: കാബൂളിൽനിന്ന് ഹിജ്റത്ത് ചെയ്തുവന്ന ഒരു സാധുസ്ത്രീയുണ്ടായിരുന്നു. അനിതരസാധാരണമായ അവസരത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയാൽ അവരുടെ രോഗം സുഖപ്പെട്ടു. അമത്തുല്ലാഹ് ബീബി എന്നായിരുന്നു അവരുടെ പേര്. കാബൂളിലെ ഖോസ്നാട്ടുകാരിയായിരുന്നു. അവർ പറയുന്നു: ആരംഭകാലത്ത് എന്റെ പിതാവും പിതൃസഹോദര (സയ്യിദ് സാഹിബ് നൂറും, സയ്യിദ് അഹ്മദ് നൂറും) നുമൊപ്പം ഞാൻ ഖാദിയാനിൽ വന്നു. ആ സമയത്ത് ഞാൻ വളരെ ചെറുപ്പമായിരുന്നു. അവരുടെ മാതാപിതാക്കളും പിതൃസഹോദരനും ഭാര്യയും സയ്യിദ് അബുൽല്ലത്തീഫ് സാഹിബ് ശഹീദ്(റ)ന്റെ ശഹാദത്തിനുശേഷം ഖാദിയാനിൽ വന്നതാണ്. അവർ പറയുന്നു: കുട്ടിക്കാലത്ത് അവർക്ക് കണ്ണീരൊഴുക്കിന്റെ കഠിനമായ രോഗമുണ്ടായിരുന്നു. സഹിക്കവയ്യാത്ത വേദനയും കടുംചെമപ്പ് നിറവും കൊണ്ട് വളരെയധികം ബുദ്ധിമുട്ടേണ്ടിവന്നു. കണ്ണുകൾ തുറക്കാൻപോലും പറ്റുമായിരുന്നില്ല. അവരുടെ മാതാപിതാക്കൾ ഒരുപാട് ചികിത്സകൾ നടത്തി. എന്നാൽ രോഗത്തിന് ഒരു വ്യത്യാസവും കണ്ടില്ല. ബുദ്ധിമുട്ട് മൂർച്ഛിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അവരെ പിടിച്ച് അവരുടെ മാതാവ് കണ്ണിൽ മരുന്നിടാൻ മുതിർന്നപ്പോൾ, ഞാൻ ഹസ്റത്ത് സാഹിബിനെക്കൊണ്ട് മന്ത്രിച്ചൂതിക്കുമെന്ന് പറഞ്ഞ് ഓടി. അവർ പറയുന്നു: ഞാൻ വീണും എഴുന്നേറ്റും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിലെത്തി. ഹുസൂറിന്റെ മുമ്പിൽച്ചെന്ന് വിലപിച്ചുകൊണ്ടു പറഞ്ഞു, എന്റെ കണ്ണിൽ കഠിനമായ ബുദ്ധിമുട്ടുണ്ട്. കഠിനമായ വേദനയും ചെമപ്പ് നിറവും കൊണ്ട് ഞാൻ അസ്വസ്ഥയായിക്കൊണ്ടിരിക്കുന്നു. എന്റെ കണ്ണ് തുറക്കാൻ എനിക്ക് കഴിയുന്നില്ല. അങ്ങ് എന്റെ കണ്ണിൽ ഒന്നൂതിത്തന്നാലും. എന്റെ കണ്ണ് നീരുവന്ന് വീർത്തിരിക്കുന്നത് ഹസ്റത്ത് മസീഹ് മൗഊദ്(അ) കണ്ടു. ഞാൻ വേദനകൊണ്ട് പുളയുകയായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കൈ വിരലിൽ അല്പം ഉമിനീർതൊട്ട് ഒരു നിമിഷം നിന്നിട്ട് (അപ്പോൾ ദുആ ചെയ്യുകയായിരുന്നിരിക്കാം) അങ്ങേയറ്റം വാത്സല്യത്തോടും സ്നേഹത്തോടുംകൂടി തന്റെ വിരൽ എന്റെ കണ്ണിനുമീതെ പതുക്കപ്പതുക്കെ തടവി. എന്റെ തലയിൽ കൈവെച്ചുകൊണ്ട് പറഞ്ഞു. മോളേ, ഇനി പൊയ്ക്കൊള്ളുക. ഇനി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രോഗം നിനക്കൊരിക്കലും ഉണ്ടാകുകയില്ല. അവർ പറയുന്നു: അന്നുമുതൽ ഇന്നുവരെ, ഇപ്പോൾ ഞാൻ 70 വയസ്സുള്ള വൃദ്ധയാണ് ഒരിക്കൽപോലും എന്റെ കണ്ണിന് വിഷമം ഉണ്ടായിട്ടില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഊതലിന്റെ അനുഗ്രഹത്താലാണ്, ഞാൻ ഇന്നുവരെ ആ രോഗത്തിൽനിന്ന് സുരക്ഷിതയായിരിക്കുന്നത്. മസീഹ് മൗഊദ്(അ) എന്റെ കണ്ണിൽ ഊതിതന്നപ്പോൾ എനിക്ക് 10 വയസ്സായിരുന്നു. അതിനുശേഷം ഇപ്പോൾ 60 വർഷമായി. ഒരിക്കൽപോലും എനിക്ക് കണ്ണിന് ബുദ്ധിമുട്ടുണ്ടായിട്ടില്ല.

ഹസ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ കുട്ടിക്കാലത്ത് നടന്ന ഒരു സംഭവത്തെക്കുറിച്ച് ഹസ്റത്ത് മിയാൻ ബശീർ അഹ്മദ്(റ) പറയുന്നു. ഒരിക്കൽ അദ്ദേഹത്തിന് കഠിനമായ രോഗമുണ്ടായി. അവസ്ഥ അങ്ങേയറ്റം ഗുരുതരമായി. ഡാക്ടർമാർ നിരാശ പ്രകടിപ്പിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു. ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി. ***സലാമുൻ ഖൗലൻമ്മിൻർറബ്ബിർറഹീം***. അതായത്, നിന്റെ ദുആ സ്വീകരിച്ചു. കാരുണികനും ഉദാരനുമായ അല്ലാഹു, ഈ കുട്ടിയെക്കുറിച്ച് നിനക്ക് സമാധാനത്തിന്റെ സുവാർത്ത അറിയിക്കുന്നു. അതിനുശേഷം പെട്ടെന്ന് വിചാരിച്ചതിനുവിരുദ്ധമായി മീർ സാഹിബ് സുഖം പ്രാപി

ച്ചു. അല്ലാഹു തന്റെ മസീഹിന്റെ ദുആകൊണ്ട് അദ്ദേഹത്തിന് ശിഫാ നല്കി.

ഹസ്റത്ത് മിയാൻ ബശീർ അഹ്മദ്സാഹിബ് (റ)ന് കുട്ടിക്കാലത്ത് കണ്ണിന് രോഗമുണ്ടായിരുന്നു. ചികിത്സയെല്ലാം പരാജയപ്പെട്ടു. അപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(റ) അദ്ദേഹത്തിനായി ദുആ ചെയ്തു. ആ ദുആ പിന്നീട് ശിഫാ എന്ന ദിവ്യാത്ഭുതം കാണിച്ചു. ഇത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഒരിക്കൽ എന്റെ മകൻ ബശീർ അഹ്മദിന് കണ്ണുരോഗം ബാധിച്ചു. ദീർഘകാലം ചിസിത്സ നടത്തിക്കൊണ്ടിരുന്നു. ഒരു ഫലവും ഉണ്ടായില്ല. അപ്പോൾ അവന്റെ വിഷമകരമായ അവസ്ഥ കണ്ടിട്ട്, ഞാൻ ദൈവികസന്നിധിയിൽ ദുആ ചെയ്തു. ആ സന്ദർഭത്തിൽ ഈ ഇൽഹാമുണ്ടായി. ***ബർറഖ തിഫ്ലീ ബശീർ.*** അതായത് എന്റെ മകൻ ബശീർ കണ്ണു തുറന്നു. അന്നേദിവസംതന്നെ അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുംകൊണ്ട്, അവന്റെ കണ്ണിന് സുഖം ലഭിച്ചു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഹഖീഖത്തുൽ വഹ്യ് എന്ന ഗ്രന്ഥത്തിൽ പറയുന്നു. മലേർകോട്ട്ലയിലെ റഈസായ സർദാർ നവാബ് മുഹമ്മദലിഖാൻ സാഹിബിന്റെ മകൻ അബ്ദുർറഹീം ഖാന് ടൈഫോയിഡ് ബാധിച്ചു. കഠിനമായ പനിയുണ്ടായി. ജീവൻ രക്ഷപ്പെടുമെന്നുള്ളതിന്റെ ഒരു ലക്ഷണവും കണ്ടില്ല. മരിച്ചു എന്ന നിലയിലായിരുന്നു. ഞാൻ അവനുവേണ്ടി ദുആ ചെയ്തു. അപ്പോൾ മനസ്സിലായി അത് തഖ്ദീറെ മുബർറം (ഖണ്ഡിതമായ വിധി) പോലെയാണെന്ന്. ഉടനെ ഞാൻ അല്ലാഹുവിനോട് അപേക്ഷിച്ചു. അല്ലാഹുവേ, ഞാൻ അവനുവേണ്ടി ശിപാർശ ചെയ്യുന്നു. അതിന്റെ മറുപടിയിൽ അല്ലാഹു പറഞ്ഞു.

***മൻദല്ലദീ യശ്ഫഉ ഇൻദഹു ഇല്ലാ ബിഇദ്നിഹീ*** അല്ലാഹുവിന്റെ അനുവാദമില്ലാതെ ആർക്കെങ്കിലുംവേണ്ടി ശിപാർശ ചെയ്യാൻ ആർക്കാണ് ധൈര്യമുള്ളത്. അപ്പോൾ ഞാൻ മൗനം പാലിച്ചു. ഒട്ടും താമസിയാതെ ഇങ്ങനെ ഇൽഹാമുണ്ടായി. ***ഇന്നക്ക അൻതൽമജാസ്.*** ശിപാർശ ചെയ്യാൻ നിനക്ക് അനുവാദം നല്കപ്പെട്ടിരിക്കുന്നു. അപ്പോൾ ഞാൻ അങ്ങേയറ്റം താഴ്മയോടും ഏകാഗ്രചിത്തയോടുംകൂടെ ദുആ ചെയ്യാൻ തുടങ്ങി. അങ്ങനെ അല്ലാഹു എന്റെ ദുആ സ്വീകരിച്ചു. ആ കുട്ടി ഖബ്റിൽനിന്ന് പുറത്തുവരുന്നതുപോലെ പുറത്തുവന്നു. ആരോഗ്യത്തിന്റെ ലക്ഷണങ്ങളെല്ലാം പ്രകടമായി. കുറച്ചുകാലത്തിനുള്ളിൽ പൂർണ്ണമായും ആരോഗ്യം വീണ്ടുകിട്ടി. ഇന്നും ജീവിച്ചിരിക്കുന്നു. (പിന്നീട് അദ്ദേഹം ദീർഘായുസ്സ് പ്രാപിച്ചിരുന്നു)

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. 1906 ആഗസ്റ്റ് 5-ന് ഒരിക്കൽ എന്റെ ശരീരത്തിന്റെ അര മുതൽ കീഴ്പ്പോട്ട് ചലനമില്ലാതെയായി. ഒരു ചുവടു പോലും നടക്കാൻ ശക്തിയുണ്ടായിരുന്നില്ല. പറയുന്നു: യൂനാനീ ഗ്രന്ഥങ്ങൾ ഞാൻ ഓരോ പാഠവും പഠിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഇത് തളർവാതത്തിന്റെ ലക്ഷണമാണെന്ന് എനിക്ക് മനസ്സിലായി. അതിനോടൊപ്പം അസഹ്യമായ വേദനയുമുണ്ടായിരുന്നു. മനസ്സിൽ വല്ലാത്ത പരിഭ്രമം ഉണ്ടായി. തിരിഞ്ഞുകിടക്കാൻപോലും പ്രയാസമായിരുന്നു. രാത്രിയിൽ വിഷമം കഠിനമായപ്പോൾ, ശത്രുക്കളുടെ പരിഹാസത്തെക്കുറിച്ച് എനിക്കോർമ്മവന്നു; എന്നാൽ, ദീനിനുവേണ്ടി മാത്രം മാറ്റൊന്നിനും വേണ്ടിയല്ല, അപ്പോൾ ഞാൻ ദൈവികസവിധത്തിൽ ദുആ ചെയ്തു. മരണം എന്തായാലും വരേണ്ടതുതന്നെയാണ്, എന്നാൽ അകാലത്തിലുള്ള എന്റെ മരണം ശത്രുവിന് പരിഹസിക്കാൻ ഇടനല്കുമെന്ന് എനിക്കറിയാം. അപ്പോൾ അല്പം മയക്കത്തിൽ എനിക്ക് ഇൽഹാമുണ്ടായി. ***ഇന്നല്ലാഹ അലാകുല്ലി ശയ്ഇൻ ഖദീർ ഇന്നല്ലാഹ ലാ യുഖ്ദിൽ മുഅ്മിനീൻ.*** അല്ലാഹു, സർവ്വ വസ്തുക്കളുടെയുംമേൽ സർവ്വശക്തനാണ്. അല്ലാഹു സത്യവിശ്വാസികളെ അപമാനിക്കാറില്ല. ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെകൊണ്ട് സത്യം, ഞാൻ സത്യമാണോ പറയുന്നത് അതല്ല കെട്ടിയുണ്ടാക്കി പറയുകയാണോ എന്ന് അവൻ എപ്പോഴും എന്നെ കണ്ടുകൊണ്ടിരിക്കുന്നു. ഈ ഇൽഹാമുണ്ടായി അരമണിക്കൂറിനുള്ളിൽ എനിക്ക് ഉറക്കം വന്നു. പിന്നീട് പെട്ടെന്ന് കണ്ണുതുറന്നപ്പോൾ, എന്റെ രോഗത്തിന്റെ ഒരു ലക്ഷണവും ശരീരത്തിൽ കണ്ടില്ല. എല്ലാവരും ഉറങ്ങുകയായിരുന്നു. ഞാൻ എഴുന്നേറ്റു. ഒരു പരീക്ഷണമെന്നോണം നടക്കാൻ തുടങ്ങി. ഞാൻ പൂർണ്ണ ആരോഗ്യവാനാണെന്ന് ബോധമുണ്ടായി. അപ്പോൾ എന്റെ സർവ്വശക്തനായ അല്ലാഹുവിന്റെ ശക്തപ്രഭാവം കണ്ട് എനിക്ക് കരച്ചിൽവന്നു. നമ്മുടെ ദൈവം എത്രമാത്രം സർവ്വശക്തനാണ്. അവന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും അവന്റെ റസൂലിനെ പിൻപറ്റുകയും ചെയ്ത നമ്മൾ എത്ര ഭാഗ്യവാന്മാരാണ്. ഈ അത്ഭുകരനായ അല്ലാഹുവിൽ വിശ്വസിച്ചിട്ടില്ലാത്തവർ എത്രമാത്രം നിർഭാഗ്യരാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയ്ക്കുള്ള തെളിവെന്ന നിലയിലാണ് അല്ലാഹുതആല പ്ലേഗിനെ അയച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇതുമുഖേന ലക്ഷക്കണക്കിനാളുകൾ മരണത്തിന്നിരയായി. അല്ലാഹുതആല അദ്ദേഹത്തെ വിശ്വസിക്കുന്നവരും തന്റെ വീട്ടിൽ വസി

ക്കുന്നവരും ഈ രോഗത്തിൽനിന്ന് സുരക്ഷിതരായിരിക്കുമെന്ന് കാലേക്കൂട്ടി അദ്ദേഹത്തോട് പറഞ്ഞിരുന്നു. ഇതൊരു വലിയ അടയാളമായിരുന്നു. ആ ദിനങ്ങളിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂന്നാമത്തെ മകനായ ഹസ്റത്ത് മിയാൻ ശരീഫ് അഹ്മദ് സാഹിബിന് കഠിനമായ പനി ബാധിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) അവനെക്കുറിച്ച് ആശങ്കയിലായി. ഈ സംഭവം വിവരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്ലേഗിന്റെ ദിനങ്ങളിൽ, ഖാദിയാനിൽ അത് ശക്തിപ്രാപിച്ചിരുന്നപ്പോൾ എന്റെ മകൻ ശരീഫ് അഹ്മദിന് സുഖമില്ലാതായി. ടൈഫോയിഡ് എന്ന നിലയിൽ പനിയുണ്ടായി. അതുകൊണ്ട് കുട്ടി തികച്ചും അബോധാവസ്ഥയിലായി. അബോധാവസ്ഥയിൽ രണ്ടുകൈയും നിലത്തടിച്ചുകൊണ്ടിരുന്നു. മനുഷ്യന് മരണത്തിൽനിന്ന് രക്ഷപ്പെടുക സാധ്യമല്ലെങ്കിലും, ഈ പ്ലേഗ് പടർന്നുപിടിച്ചിരിക്കുന്ന അവസരത്തിൽ കുട്ടി മരിച്ചാൽ ശത്രുക്കളെല്ലാവരും ഈ പനിയെ പ്ലേഗെന്ന് പറഞ്ഞുപരത്തും. അല്ലാഹു പറഞ്ഞ ഈ പരിശുദ്ധമായ വഹ്‌യെ നിഷേധിക്കുകയും ചെയ്യും. അവൻ പറഞ്ഞു. ***ഇന്നീ ഉഹാഫിളു കുല്ലമൻ ഫിദ്ദാരി.*** നിന്റെ വീടിന്റെ നാലുഭിത്തിക്കുള്ളിലുള്ള എല്ലാവരേയും രക്ഷിക്കുന്നതാണ്. ഈ വിചാരത്താൽ എന്റെ മനസ്സ് കഠിനമായി വിഷമിച്ചു. അത് വിവരിക്കാൻ സാധ്യമല്ല. രാത്രി 12 മണിയായി കാണും. കുട്ടിയുടെ അവസ്ഥ വളരെ വഷളായി. ഇത് സാധാരണ പനിയല്ലെന്ന വിചാരത്തിൽ മനസ്സിൽ ഭയമുണ്ടായി. ഇത് മറ്റെന്തോ ബലായാണ്. അപ്പോഴത്തെ എന്റെ മനസ്സിന്റെ അവസ്ഥ ഞാനെന്തു പറയാനാണ്. ദൗർഭാഗ്യവശാൽ കുട്ടി മരിക്കുകയാണെങ്കിൽ, അക്രമികളായവർക്ക് സത്യം ഒളിപ്പിച്ചുവെയ്ക്കാൻ ഒരുപാട് സാധനങ്ങൾ ലഭിക്കുന്നതാണ്. അപ്പോൾ ഞാൻ വുളു ചെയ്തു. നമസ്കാരത്തിനായി നിന്നു. അതിനോടൊപ്പംതന്നെ ദുആ സ്വീകാര്യതയ്ക്ക് അനുയോജ്യമായ അവസ്ഥ വ്യക്തമാക്കുന്ന അടയാളം എനിക്ക് അനുഭവപ്പെട്ടു. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു. മൂന്ന് റക്അത്തെ ഞാൻ നമസ്കരിച്ചിട്ടുണ്ടാകുകയുള്ളൂ. എനിക്ക് ഒരു ജാഗ്രതാ ദർശനം ഉണ്ടായി. കുട്ടി പൂർണ്ണമായും ആരോഗ്യവാനായിരിക്കുന്നു. പിന്നീട് ആ ദർശാനവസ്ഥ മാറി. കുട്ടി ബോധത്തോടുകൂടി കട്ടിലിൽ ഇരിക്കുന്നതും വെള്ളം ചോദിക്കുന്നതും ഞാൻ കണ്ടു. ഞാൻ 4 റക്അത്ത് പൂർത്തിയാക്കികഴിഞ്ഞിരുന്നു. പെട്ടെന്ന് അവന് വെള്ളം കൊടുത്തു. ശരീരത്തിൽ തൊട്ടുനോക്കി. പനിയുടെ ഒരു ലക്ഷണവും അവനിൽ കണ്ടില്ല. ബോധക്ഷയവും അസ്വസ്ഥതയുമെല്ലാം തികച്ചും അകന്നുകഴിഞ്ഞിരുന്നു. കുട്ടിയ്ക്ക് ആരോഗ്യം വീണ്ടുകിട്ടിയിരുന്നു.അല്ലാഹുവിന്റെ ശക്തിയുടെ ഈ കാഴ്ച, അവന്റെ കഴിവിലും ശക്തിയിലും പുതിയൊരു ഈമാൻ എനിക്ക് നല്കുകയും ചെയ്തു.

തന്റെ അടയാളമെന്ന നിലയിൽ പ്ലേഗ് രാജ്യത്ത് വ്യാപിക്കുന്നതിനെ സംബന്ധിച്ച് അവിടന്ന് പറയുന്നു: 71-ാമത്തെ അടയാളമായി സിർറുൽഖിലാഫ എന്ന ഗ്രന്ഥത്തിലെ പേജ് 62-ൽ ഞാനെഴുതിയതിങ്ങനെയാണ്. എതിരാളിയുടെമേൽ പ്ലേഗുണ്ടാകാൻ ഞാൻ ദുആ ചെയ്തിരുന്നു. അതായത്, സന്മാർഗ്ഗം വിധിക്കപ്പെട്ടിട്ടില്ലാത്ത എതിരാളികൾ. ആ ദുആ ചെയ്ത് വർഷങ്ങൾക്കുശേഷം ഈ നാട്ടിൽ പ്ലേഗ് വിജയം വരിച്ചു. കഠിനവിരോധികളായ ചിലർ ഈ ലോകത്തുനിന്ന് കടന്നുപോയി. ഇതിനുശേഷം ഈ ഇൽഹാമുണ്ടായി.

***ഏ ബസാ ഖാനായെ ദുശ്മൻ കെ തു വീരാൻകർദി*** അതായത്, നീ നിരവധി ശത്രുക്കളുടെ വീടുകളെ ശൂന്യമാക്കി. ഇത് അൽഹക്കം, അൽബദ്ർ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. ശത്രുക്കളുടെ കഠിനമായ പീഡനങ്ങൾക്കുശേഷം ചെയ്യപ്പെട്ട മുകളിൽ പറഞ്ഞ ദുആകളും ദൈവികസവിധത്തിൽ സ്വീകരിക്കപ്പെട്ട പ്രവചനവുമനുസരിച്ച് പ്ലേഗ് കൊണ്ടുള്ള ശിക്ഷ അവരുടെമേൽ തീപോലെ വർഷിച്ചു. എന്നെ നിഷേധിക്കുകയും ദുഷ്പ്പേര് വിളിക്കുകയും ചെയ്ത ആയിരക്കണക്കിന് ശത്രുക്കൾ നാശമടഞ്ഞു. ഇവിടെ ഉദാഹരണമെന്നോണം കഠിനവിരോധികളായ ചില ശത്രുക്കളുടെ പേരെഴുതുകയാണ്. ഒന്നാമതായി പറയപ്പെടാൻ അർഹൻ റുസുൽബാബ അമൃതസരിയാണ്. അയാൾ എനിക്കെതിരിൽ ഗ്രന്ഥമെഴുതി. ചീത്ത ഭാഷ ഉപയോഗിച്ചു. കുറച്ചു ദിവസത്തെ ജീവിതത്തെ ഇഷ്ടപ്പെട്ട് കളവ് പറഞ്ഞു. അവസാനം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് പ്ലേഗ് പിടിപെട്ടു നാശമടഞ്ഞു.

ബട്ടാലയിലെ ഡപ്യൂട്ടി ഇൻസ്പെക്ടർ മുഹമ്മദ് ബഖ്ശ് എന്നയാളായിരുന്നു പിന്നീടുള്ളത്. അയാൾ ദ്രോഹിക്കാനും വേദനിപ്പിക്കാനും ഇറങ്ങിത്തിരിച്ചു. അയാളും പ്ലേഗ് പിടിപ്പെട്ടു ഹലാക്കായി.

ചിരാഗ്ദീൻ എന്നു പേരുകാരനായ ജമ്മുവാസി എഴുന്നേറ്റു. അയാൾ റസൂലാണെന്ന് വാദിച്ചിരുന്നു. അയാൾ എന്റെ പേര് ദജ്ജാൽ എന്ന് വെച്ചു. ഈസായുടെ വടികൊണ്ട് ഈ ദജ്ജാലിനെ കൊല്ലാൻ ഹസ്റത്ത് നബി(സ) തിരുമേനി തന്റെ കൈയിൽ ഊന്നുവടി തന്നിരിക്കുന്നുവെന്ന് പറഞ്ഞു. അയാളും എന്റെ ഈ പ്രവചനമനുസരിച്ച്- അത് ദാഫിഉൽ ബലാ വ മിഅ്യാറു അഹ്ലിൽ ഇസ്‌ത്വഫാ

എന്ന ഗ്രന്ഥത്തിൽ അയാളുടെ ജീവിതകാലത്തു തന്നെ പ്രസിദ്ധീകരിച്ചതാണ്- 1906 ഏപ്രിൽ 4-ന് തന്റെ രണ്ട് പുത്രന്മാരോടൊപ്പം പ്ലേഗ് പിടിപെട്ടു നശിച്ചു.

എന്നെ കൊല്ലാൻവേണ്ടി നല്കപ്പെട്ട ആ ഈസായുടെ ഊന്നുവടി എവിടെപോയി? ***ഇന്നീ ലമിനൽ മുർസലീൻ*** എന്ന അയാളുടെ ഇൽഹാം എവിടെപോയി? കഷ്ടമെന്നു പറയട്ടെ! അധികമാളുകളും മനസ്സ് പരിശുദ്ധമാകുന്നതിനു മുമ്പേ നഫ്സിന്റെ തോന്നലുകളെ ഇൽഹാം എന്നുപറയുന്നു. അതുകൊണ്ട് അവസാനം നിന്ദ്യതയോടും അപമാനത്തോടും അവരുടെ മരണം സംഭവിക്കുന്നു. ഇവരെ കൂടാതെ ദ്രോഹപ്രവൃത്തിയിലും പരിഹാസത്തിലും അതിരുകവിഞ്ഞ വേറെ അനവധിയാളുകളുമുണ്ട്. അവർ അല്ലാഹുവിന്റെ കോപത്തെ ഭയപ്പെട്ടില്ല. രാപകൽ പരിഹസിക്കുകയും നിന്ദിക്കുകയും ചീത്തപറയുകയുമായിരുന്നു അവരുടെ ജോലി. അവസാനം പ്ലേഗിനിരയായി. മുൻശീ മഹ്ബൂബ് ആലം സാഹിബ് അഹ്മദി ലാഹോറിൽ നിന്നെഴുതുന്നു. എന്റെ ഒരു കൊച്ചാപ്പ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് നൂർ അഹ്മദ് എന്നായിരുന്നു. അദ്ദേഹം ഹാഫിസാബാദ് താലൂക്കിലെ ബഡിഛട്ട എന്ന നാട്ടുകാരനായിരുന്നു. അയാൾ ഒരിക്കൽ എന്നോടു, മിർസാസാഹിബ് തന്റെ മസീഹിയ്യത്തിന്റെ തെളിവിനായി ഒരടയാളവും കാണിച്ചില്ലെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ അടയാളങ്ങളിൽ ഒരടയാളം പ്ലേഗാണെന്നും അത് പ്രവചനത്തിനുശേഷമാണുണ്ടായതെന്നും ലോകരെ തിന്നുമുടിച്ചുകൊണ്ടിരിക്കുന്നുവെന്നും ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: പ്ലേഗ് എന്നെ ബാധിക്കുകയില്ല. ഈ പ്ലേഗ് വന്നത് മിർസാ സാഹിബിനെ നശിപ്പിക്കുന്നതിനായിട്ടാണ്. ഇതിന്റെ ഒരു സ്വാധീനവും ഞങ്ങളുടെ മേലുണ്ടാകുകയില്ല. മിർസാ സാഹിബിന്റേമേൽ തന്നെയായിരിക്കും അതുണ്ടാകുക. ഇങ്ങനെ സംസാരിച്ച് അവിടെനിന്നു പിരിഞ്ഞു. ഞാൻ ലാഹോറിലെത്തി ഒരാഴ്ചകഴിഞ്ഞപ്പോൾ, കൊച്ചാപ്പ നൂർ അഹ്മദ് പ്ലേഗ് പിടിപെട്ടു മരിച്ചുവെന്ന വാർത്ത കിട്ടി. ഈ ഗ്രാമത്തിലെ ഒരുപാടാളുകൾ ഞങ്ങളുടെ സംസാരത്തിന് സാക്ഷിയായിരുന്നു. ഇത് രഹസ്യമായിരിക്കുന്ന സംഭവമല്ല.

ലാഹോറിലെ മിയാൻ മറാജദ്ദീൻ സാഹിബ് എഴുതുന്നു: മൗലവി സൈനുൽ ആബ്ദീൻ, മൗലവി ഫാസിലും, മുൻഷീ ഫാസിലും പരീക്ഷ പാസ്സായ ആളാണ്. കേലേവാലേ മൗലവി ഗുലാം റസൂൽ അദ്ദേഹത്തിന്റെ ബന്ധുക്കളിൽപ്പെട്ടയാളാണ്. ദീനീപരമായ വിദ്യാഭ്യാസം നേടിക്കഴിഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം. ലാഹോർ അഞ്ചുമൻ ജമാഅത്തെ ഇസ്ലാമിന്റെ, ഒരു പ്രഭാഷകനും അദ്ധ്യാപകനുമായിരുന്നു. അദ്ദേഹം ഹുസൂറിന്റെ സത്യതയെക്കുറിച്ച്, മൗലവി മുഹമ്മദലി സിയാൽക്കോട്ടിയുമായി കശ്മീരിബസാറിലെ ഒരു കടയിൽവെച്ച് എഴുന്നേറ്റുനിന്ന് മുബാഹല ചെയ്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അയാൾ പ്ലേഗ് പിടിപെട്ടു മരിച്ചു. അയാൾ മാത്രമല്ല അയാളുടെ ഭാര്യയും പ്ലേഗ് പിടിപെട്ടു മരിച്ചു. അവരുടെ മകളുടെ ഭർത്താവും മരിച്ചു. അദ്ദേഹം അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ ഉദ്യോഗസ്ഥനായിരുന്നു. ഇപ്രകാരം അയാളുടെ കുടുംബത്തിലെ 17 ആളുകൾ പ്ലേഗ് പിടിപെട്ടു മരിച്ചു.

പറയുന്നു: ഇത് അത്ഭുതകരമായ കാര്യമാണ്. ഈ രഹസ്യം ആർക്കെങ്കിലും മനസ്സിലാക്കാൻ പറ്റുമോ? ഇക്കൂട്ടരുടെ ദൃഷ്ടിയിൽ ഞാൻ, കറ്റുകെട്ടി പറയുന്നവനും കള്ളനും ആയിരുന്നു. എന്നാൽ, മുബാഹലയുടെ നേരത്ത് ഇക്കൂട്ടർതന്നെ മരിക്കുന്നു! നഊദുബില്ലാഹ് അല്ലാഹുവിൽനിന്നും തെറ്റായ ധാരണ ഉണ്ടാകുമോ? നല്ലവരെന്ന് പറയുന്ന അത്തരം ആളുകളുടെമേൽ എന്തുകൊണ്ടാണ് ഈ ദൈവകോപം ഇറക്കുന്നത്! അവർ മരണപ്പെടുകയും ചെയ്യുന്നു. പിന്നീട് നിന്ദ്യതയും അപമാനവും അവർക്ക് ഉണ്ടാകുകയും ചെയ്യുന്നു. മിയാ മറാജദീൻ എഴുതുന്നു: കരീം ബഖ്ശ് എന്നുപേരായ ഒരാൾ ലാഹോറിൽ കൺട്രാക്ടറുണ്ടായിരുന്നു. അയാൾ അപമര്യാദയോടും നിന്ദിച്ചും ഹുസൂറിനെ കുറിച്ച് പറഞ്ഞിരുന്നു. എപ്പോഴും ഇത് തുടർന്നുവന്നു. ഞാൻ പലപ്പോഴും അങ്ങനെ പറയരുതെന്ന് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. പക്ഷേ, അയാൾ പിന്മാറിയില്ല. അയാൾ യുവത്വകാലത്തുതന്നെ മരണത്തിന്റെ വേട്ടയായി.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബത്തിന്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ അല്ലാഹു സ്വീകരിക്കുന്നു എന്നതിൽ എത്രമാത്രം ദൃഢവിശ്വാസം ആയിരുന്നുവെച്ചാൽ അവിടന്ന് 'നാം ദുആ ചെയ്തിരിക്കുന്നു' എന്നു പറഞ്ഞാൽ ഉടനെ അത് സ്വീകരിച്ചതായി അവർ മനസ്സിലാക്കുമായിരുന്നു. ഇത്തരം ഒരു സംഭവം ഹസ്റത്ത് മിയാൻ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു. മൗലവി റഹീം ബഖ്ശ് സാഹിബ് എം.എ. എന്നോടു പറഞ്ഞു. എന്റെ പിതാമഹൻ, അദ്ദേഹത്തെ ജനങ്ങൾ ഖലീഫ എന്നാണ് പറയാറുണ്ടായിരുന്നത്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കഠിനവിരോധിയായിരുന്നു. മസീഹ് മൗഊദിനെ പുളിച്ച ചീത്തപറയാറുണ്ടായിരുന്നു. എന്റെ പിതാവിനെ ഒരുപാട് ബുദ്ധിമുട്ടിയ്ക്കുമായിരുന്നു. എന്റെ പിതാവ് അങ്ങേയറ്റം വിഷമിച്ച് ദുആയ്ക്കായി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് കത്തെഴുതി. നാം ദുആചെയ്തിരിക്കുന്നുവെന്ന് പറഞ്ഞു,

ഹസ്റത്ത് മസീഹ് മൗഊദ്(അ) മറുപടി അയച്ചു. പിതാവ് ഈ കത്ത് മൊഹല്ലയിലുള്ള എല്ലാവരേയും കാണിച്ചുകൊണ്ട് പറഞ്ഞു. ഹസ്റത്ത് സാഹിബ് ദുആ ചെയ്തിരിക്കുന്നു. ഇനി നോക്കിക്കോ, ഖലീഫ ചീത്ത വിളിക്കുകയില്ല. രണ്ടാമത്തേയോ മൂന്നാമ ത്തേയോ ദിവസം ജുമുഅ ആയിരുന്നു. നമ്മുടെ പിതാമഹൻ സാധാരണയെന്നപോലെ മറ്റുള്ളവരോ ടൊപ്പം ജുമുഅ നമസ്കരിക്കാൻ പോയി. എന്നാൽ, അവിടെന്ന് തിരിച്ചുവന്നിട്ട്, സാധാരണയിൽനിന്ന് വ്യത്യസ്തനായി മൗനം പാലിച്ചു. വാസ്തവത്തിൽ, ജുമുഅ നമസ്കരിച്ചു തിരിച്ചുവീട്ടിലെത്തിയാൽ പ്രത്യേകം ചീത്തപറയുക എന്നതായിരുന്നു അദ്ദേ ഹത്തിന്റെ പതിവ്. മിർസാ സാഹിബിനെക്കുറിച്ച് ഇന്ന് ചീത്ത പറയാത്തതെന്താണെന്ന് ആളുകൾ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറയുന്നു: ആരെ യെങ്കിലും ചീത്തപറഞ്ഞാൽ എന്തുകിട്ടാനാണ്? ഒരാൾ എത്ര മോശമാണെങ്കിലും ചീത്തപറയരുതെന്ന് ഇന്ന് മൗലവിയും പറഞ്ഞല്ലൊ. ഇതാണോ കാര്യം എന്ന് ജനങ്ങൾ ചോദിച്ചു. എപ്പോഴും നിങ്ങൾ ചീത്ത പറഞ്ഞിരുന്നു. ഇന്ന് നിങ്ങളുടെ ചിന്താഗതി ഇങ്ങ നെയായി. യഥാർത്ഥമെന്താണെന്നുവെച്ചാൽ, ബാബു (എന്റെ പിതാവിനെ ആളുകൾ ബാബു എന്നാണ് വിളിക്കാറുണ്ടായിരുന്നത്) ഇന്നലെ ഒരു കത്തു എന്നെ കാണിച്ചിരുന്നു. അത് ഖാദിയാനിൽനിന്ന് വന്ന തായിരുന്നു. അതിൽ ഇനി ഖലീഫ ചീത്തപറയുക യില്ലെന്ന് എഴുതിയിരുന്നു. മൗലവി റഹീം ബഖ്ശ് സാഹിബ് പറയുന്നു: എതിരാളികൾ ഒരുപാട് അദ്ദേ ഹത്തെ ശുണ്ഠിപിടിപ്പിച്ചിട്ടും, എന്റെ പിതാമഹൻ ഒരി ക്കലും ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അതിനു ശേഷം ചീത്തപറഞ്ഞിട്ടില്ല. എന്റെ പിതാവിനെ അഹ്മദിയ്യത്ത് കാരണം ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നില്ല.

അവിടത്തെ ദുആയുടെ ഫലമായി മഴയു ണ്ടായ സംഭവങ്ങളും ഞാൻ പറയാം. ശേയ്ഖ് മുഹ മ്മദ് ഹുസയ്ൻ സാഹിബ് പെൻഷണർ ലാഹോർ എഴുതുന്നു. ഒരിക്കൽ ഹുസൂർ(അ) മിയാൻ ചിരാ ഗ്ദീൻ സാഹിബിന്റെ വീട്ടിൽ താമസിക്കുക്കയായി രുന്നു. ജനുവരിമാസമായിരുന്നു. രാത്രി 10 മണിയോ ടടുത്തിരുന്നു നേരം. ഈ വർഷം മഴ ഉണ്ടായിട്ടില്ല. അതുകൊണ്ട് മഴയുണ്ടാകാൻവേണ്ടി ദുആ ചെയ്യാൻ സന്നിഹിതരായവരിൽ ആരോ പറഞ്ഞു. കാരണം മഴ യില്ലാത്ത കാരണത്താൽ വരൾച്ചയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. ഹുസൂർ(അ) ദുആ ചെയ്തി ല്ല. മറുപടിയും പറഞ്ഞില്ല. സംസാരം മുറപോലെ നടന്നുകൊണ്ടിരുന്നു. പിന്നീട് അദ്ദേഹം തന്നെയോ വേറെയാളോ ദുആ ചെയ്യാൻ പറഞ്ഞു. എന്നിട്ടും ഹുസൂർ(അ) അതിലേക്കു ശ്രദ്ധിച്ചില്ല. കുറച്ചുക ഴിഞ്ഞ് മൂന്നാമത്തെ പ്രാവശ്യം ആരോ ദുആയ്ക്കു വേണ്ടി പറഞ്ഞു. അപ്പോൾ ഹുസൂർ കൈകളു യർത്തി ദുആ ആരംഭിച്ചു. അപ്പോൾ ചന്ദ്രൻ തെളി ഞ്ഞുനിന്നിരുന്നു. ആകാശം തികച്ചും തെളിഞ്ഞിരു ന്നു. എന്നാൽ, ഹുസൂർ കൈയുയർത്തിയുടനെ ഒരു ചെറിയ മേഘം പ്രത്യക്ഷപ്പെട്ടു. മഴത്തുള്ളികൾ വീഴാൻ തുടങ്ങി. ഇവിടെ ഹുസൂർ ദുആ അവസാനി പ്പിച്ച പ്പോൾ മഴ നിലയ്ക്കുകയും ചെയ്തു. അല്പം നിമി ഷംമാത്രം മഴ പെയ്തു, പിന്നീട് ആകാശം തെളിഞ്ഞു.

മറ്റൊരു സംഭവം കൂടിയുണ്ട്. മുൻശീ സഫ്ർ അഹ്മദ് സാഹിബിന്റേത്. ഇതിൽ, ദുആ സ്വീകരിച്ച സംഭവവുമുണ്ട്, ദുആ എത്രത്തോളം ചെയ്യണമെ ന്നുള്ള പാഠവുമുണ്ട്.

മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്ത ലവി എഴുതുന്നു. ഞാനും മുൻശീ അരോഡഖാൻ സാഹിബും ഒരുമിച്ചാണ് ഖാദിയാനിൽ വന്നത്. കഠി നമായ ചൂടുകാലമായിരുന്നു അത്. കുറേ ദിവസമാ യിട്ട് മഴ ഉണ്ടായിരുന്നില്ല. ഞങ്ങൾ ഖാദിയാ നിൽനിന്ന് തിരിച്ചുപോരാൻ പോകുമ്പോൾ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ സലാം പറയുന്നതിനായി ഹാജരായി. അപ്പോൾ മുൻശി അരോഡഖാൻ സാഹിബ്(റ) മസീഹ് മൗഊ ദ്(അ)നോട് പറഞ്ഞു. ഹസ്റത്ത്, ചൂട് വളരെ കഠിന മാണ്. താഴേയും മേലേയും വെള്ളം ഉണ്ടാകുംവിധം മഴ പെയ്യാൻ അങ്ങ് ദുആ ചെയ്താലും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. താഴെയും മേലേയും വെള്ളം ഉണ്ടാകുമാറാകട്ടെ. മുൻശി സഫ്ർ അഹ്മദ് സാഹിബ് പറയുന്നു. എന്നാൽ ഞാൻ പറഞ്ഞു. ഹസ്റത്ത് ഈ ദുആ അദ്ദേ ഹത്തിനുവേണ്ടി ചെയ്താൽ മതി. എനിക്കുവേണ്ടി അങ്ങനെ ദുആ ചെയ്യരുത്. അതുകേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പുഞ്ചിരി ച്ചു. ദുആ ചെയ്തുകൊണ്ട് അവരെ യാത്രയാക്കി. മുൻശീ സാഹിബ് പറയുന്നു, അപ്പോൾ ചക്രവാളം തികച്ചും തെളിഞ്ഞുനിന്നിരുന്നു. ആകാശത്തിലെവി ടെയും കാർമേഘത്തിന്റെ ലക്ഷണം ഉണ്ടായിരുന്നി ല്ല. എന്നാൽ, ഞങ്ങൾ കുതിരവണ്ടിയിലിരുന്ന് ബട്ടാ ലയിലേക്കുള്ള വഴിയിലൂടെ അല്പ ദൂരം പോയതേ യുള്ളൂ, ഞങ്ങളുടെ മുന്നിൽ നിന്ന് ഒരു കാർമേഘം ഉയർന്നു, അത് ക്ഷണത്തിൽ ആകാശത്ത് പരന്നു. പിന്നീട് ശക്തമായി മഴ പെയ്തു. മണ്ണെടുത്ത കാര ണത്താൽ വഴിയുടെ ഇരുഭാഗത്തും വലിയ കുഴി കൾ ഉണ്ടായിരുന്നു. അതെല്ലാം വെള്ളം കൊണ്ട് നിറ ഞ്ഞു. ഒരു കുഴിയുടെയടുക്കലൂടെ പോകുമ്പോൾ ഞങ്ങളുടെ കുതിരവണ്ടി പെട്ടെന്ന് മറിഞ്ഞു. മുൻശി

അരോഡേഖാൻ സാഹിബ് കുഴിയിലേക്കും ഞാൻ കരയിലേക്കും തെറിച്ചുവീണു. ഇക്കാരണത്താൽ മുൻശീ സാഹിബ് അടിമുടി വെള്ളത്തിലായി. ഞാൻ രക്ഷപ്പെട്ടു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾക്ക് പരിക്കൊന്നും ഉണ്ടായില്ല. അതുകൊണ്ട് മുൻശീ അരോഡേഖാൻ സാഹിബിനെ കുഴിയിൽ നിന്ന് കരയിലേക്ക് കയറ്റിക്കൊണ്ട് താഴെയും മേലേയും വെള്ളം ഉണ്ടാകാൻ ഇനിയും ദുആ ചെയ്യിച്ചോ എന്നു പറഞ്ഞു. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞങ്ങൾ മുന്നോട്ടുനീങ്ങി. ഹസ്റത്ത് മുൻശീ സഫർ അഹ്മദ് സാഹിബ് വളരെ സൂക്ഷ്മത പാലിക്കുന്ന ആളാണെന്ന് മനസ്സിലാകുന്നു. ദുആയിൽ തീർച്ചയായിട്ടും രണ്ടുപേർക്കും വിശ്വാസമുണ്ടാകും. പറഞ്ഞതുപോലെ പൂർത്തിയാകുകയാണെങ്കിൽ അതുവഴിയിൽ വിഷമം ഉണ്ടാക്കുമെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു.

തന്റെ ദുആ സ്വീകരിച്ചതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതിനു മുമ്പേ ഒരു ഗ്രന്ഥത്തിലും ഞാനെഴുതിയിട്ടില്ലാത്ത ദുആ സ്വീകാര്യതയുടെ പുതിയൊരു സംഭവം വായനക്കാരുടെ നന്മയ്ക്കായി എഴുതുകയാണ്. മാലേർ കോട്‌ലയിലെ പ്രമാണിയായ നവാബ് മുഹമ്മദലീ ഖാൻ സാഹിബും അദ്ദേഹത്തിന്റെ സഹോദരന്മാരും ഒരിക്കൽ കടുത്ത ദുരിതത്തിൽ അകപ്പെട്ടു. ഇതിനു പുറമെ അവർ വലിഅഹ്ദിന്റെ കീഴിലെ പ്രജകളെപോലെ നിശ്ചയിക്കപ്പെടുകയും ചെയ്തു. അതിൽനിന്ന് രക്ഷപ്പെടാൻ അവർ വളരെ പരിശ്രമിച്ചുവെങ്കിലും അതെല്ലാം പരാജയപ്പെടുകയാണുണ്ടായത്. അവസാനത്തെ ശ്രമം ഗവർണർജനറൽ ബഹാദൂർബി അൽഖാബിഹിയോട് ന്യായം തേടുക എന്നതായിരുന്നു. അതിലും വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. കാരണം അവർക്കെതിരിൽ ശക്തമായ നിലയിലാണ് ഭരണകർത്താക്കൾ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. (അവരും നവാബ് കുടുംബത്തിലെ അംഗങ്ങളായിരുന്നു. അവർക്ക് അതെല്ലാം നല്കുകയും ഇവരെ തികച്ചും പ്രജകളാക്കുകയുമാണ് ചെയ്തത്. അങ്ങനെ കേസ്സ് കൊടുത്തു. എല്ലാ ഓഫീസറും ചേർന്ന് കേസ്സിൽ വിധി പറഞ്ഞത് ഇവർക്കനുകൂലമായി വിധി പറയാൻ പാടില്ല എന്നായിരുന്നു) ഹസ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറയുന്നു: അവസാനം മനുഷ്യപ്രകൃതിയിൽ അടങ്ങിയിട്ടുള്ളതുപോലെതന്നെ ആ ദുഃഖപ്രളയത്തിൽനിന്ന് കരേറാൻ എന്നോട് ദുആയ്ക്കായി അപേക്ഷിച്ചു. എന്നുമാത്രമല്ല, അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാകുകയും ഈ ശിക്ഷയിൽനിന്ന് മുക്തി ലഭിക്കുകയും ചെയ്താൽ താമസംവിനാ ലങ്കർഖാനയെ സഹായിക്കുന്നതിനുവേണ്ടി മൂവായിരം രൂപ അയച്ചുതരുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു.

"അങ്ങനെ ഞാൻ നിരന്തരം ദുആയിൽ മുഴുകിയപ്പോൾ അല്ലാഹു ഇൽഹാം മുഖേന എന്നെ അറിയിച്ചു. ***ഏ സയ്ഫ്, അപ്നാ റുഖ് ഉസ്തരഫ് ഭേർലേ*** അല്ലയോ ഖഡ്ഗമേ, നിന്റെ മുഖം ആ ദിശയിലേക്ക് തിരിക്കുക. ഈ വെളിപാടിനെ കുറിച്ച് ഞാൻ നവാബ് മുഹമ്മദലി സാഹിബിനെ അറിയിച്ചു. അതിനുശേഷം അല്ലാഹു അവരിൽ കരുണ ചൊരിഞ്ഞു. ആ ബഹാദൂർ വൈസ്രോയിയുടെ കോടതിയിൽനിന്ന് അവരുടെ താൽപര്യവും ഉദ്ദേശ്യവും ആഗ്രഹവുമനുസരിച്ച്തന്നെ വിധിയുണ്ടായി. ഉടനെ അദ്ദേഹം ലങ്കർഖാനയ്ക്കുവേണ്ടി നിയ്യത്താക്കിയിരുന്ന മൂവായിരം രൂപ കൊണ്ടുതന്നു. ഇത് വലിയൊരു ദൃഷ്ടാന്തമായിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകരിക്കപ്പെടുമെന്ന് മറ്റുള്ളവർക്കും ദൃഢവിശ്വാസം ഉണ്ടായിരുന്നു. ഒരു ഹിന്ദു, മസീഹ് മൗഊദ്(അ)നോട് ദുആയ്ക്ക് അപേക്ഷിച്ചു. അതിനെക്കുറിച്ച് അവിടന്ന് പറയുന്നു.

ശരംപത്തിന്റെ ഒരു സഹോദരൻ വിശ്വംഭർദാസ് ഒരു അടിപിടിക്കേസ്സിൽ ഒന്നരവർഷത്തേക്ക് തടവിലായി. ശരംപത്ത് തന്റെ വേദനയുടെ അവസ്ഥയിൽ എന്നോട് ദുആ ചെയ്യാൻ പറഞ്ഞു. ഞാൻ അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു. അതിനുശേഷം ഞാൻ സ്വപ്നത്തിൽകണ്ടു. തടവുകാരുടെ പേരുകൾ എഴുതിയ രജിസ്റ്റർ സൂക്ഷിക്കുന്ന ഓഫീസിൽ ഞാൻ പോയി. അതിൽ ഓരോ തടവുകാരന്റേയും ശിക്ഷാകാലാവധി എഴുതിയിരുന്നു. ഞാൻ ആ രജിസ്റ്റർ തുറന്നു. വിശ്വംഭർദാസിന്റെ തടവിനെക്കുറിച്ച് എഴുതിയിരുന്ന ഭാഗമെടുത്തു. ഞാൻ എന്റെ കൈകൊണ്ട് അയാളുടെ പകുതി തടവ് വെട്ടിക്കുറച്ചു. ചീഫ് കോർട്ടിൽ അവർ അപ്പീൽ കൊടുത്തപ്പോൾ, ഈ കേസ്സിന്റെ പര്യവസാനം ഇങ്ങനെയായിരിക്കുമെന്ന് എനിക്ക് കാണിക്കപ്പെട്ടു. വിശ്വംഭർദാസിന്റെ പകുതിശിക്ഷ ഇളവാക്കപ്പെടും. എന്നാൽ, ജയിൽ മോചിതനാകുകയില്ല. ഞാൻ ഈ എല്ലാ അവസ്ഥയും ലാല ശരംപത്തിനോട് അവസാനവിധിയുണ്ടാകുന്നതിനു മുമ്പേ പറഞ്ഞിരുന്നു. അവസാനം ഞാൻ കണ്ടതുപോലെ സംഭവിച്ചു. അതായത് അയാളുടെ പകുതിശിക്ഷ ഇളവായി. മുഴുവൻ ശിക്ഷയും മാപ്പായില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) 1880 മുതൽ 1884വരെ ബറാഹീനെ അഹ്മദിയ്യായുടെ 4 വാല്യ

ങ്ങൾ എഴുതി. ക്രിസ്ത്യാനികൾ എല്ലാ രംഗങ്ങളിലും ഉദിച്ചുയർന്നുനിന്ന കാലമായിരുന്നു അത്. നാനാഭാഗത്തുനിന്നും ഇസ്‌ലാമിന്റെമേൽ ആക്രമണം നടക്കുകയായിരുന്നു. മുസ്‌ലിംകൾ തന്നെയും ഇസ്‌ലാമിനെക്കുറിച്ച് സംശയപ്പെട്ട് ഇസ്‌ലാം ഉപേക്ഷിക്കുകയായിരുന്നു. അക്കാലത്ത് ഇസ്‌ലാമിനെ രക്ഷിക്കാൻ ആരും എഴുന്നേറ്റുനിന്നില്ല. എന്നാൽ, അവിടന്ന് എഴുന്നേറ്റുനിന്നു. അവിടന്ന് ലോകത്തോട് പറഞ്ഞു, വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. നബി(സ) തിരുമേനി അല്ലാഹുവിന്റെ അവസാന നബിയാണ്. ഞാൻ ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന തെളിവുകൾക്ക്, തതുല്യമായതോ, അല്ലെങ്കിൽ 1/5 നോ മറുപടി തരികയാണെങ്കിൽ 10,000 രൂപ സമ്മാനം നല്കുന്നതായിരിക്കും. പക്ഷേ, ആരും മുന്നോട്ടുവന്നില്ല. അഹ്‌ലെ ഹദീസിന്റെ വലിയ ലീഡറായിരുന്ന മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി ഉൾപ്പെട്ട മുസ്‌ലിം പണ്ഡിതന്മാർ ഈ ഗ്രന്ഥത്തെ വാനോളം പുകഴ്ത്തിയിരുന്നു. എന്തായാലും ഈ ഗ്രന്ഥം ശത്രുക്കളുടെ വായടപ്പിച്ചു. ക്രിസ്തുമതത്തിന്റെ ആക്രമണങ്ങൾക്ക് മുമ്പിൽ ബണ്ട്കെട്ടി. ബണ്ട് കെട്ടുക മാത്രമല്ല, അവരെ മത്സരമൈതാനത്ത് നിന്ന് പായിച്ചു. ഇന്നേവരെ അവർ പാഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ, അവിടന്ന് ബറഹീനെ അഹ്മദിയ്യാ എഴുതിയപ്പോൾ, അത് പ്രസിദ്ധീകരിക്കുവാൻ പറ്റിയ സാമ്പത്തികാവസ്ഥ ഉണ്ടായിരുന്നില്ല. വളരെ ഞെരുക്കമായിരുന്നു. അതുകാരണം മസീഹ് മൗഊദ്(അ) വല്ലാതെ വിഷമിച്ചു. ഇസ്‌ലാമിന്നെതിരിലുള്ള ആക്ഷേപത്തെ പ്രതിരോധിക്കാനുള്ള ഈ ഗ്രന്ഥം എങ്ങനെ ജനങ്ങളുടെ കൈയിൽ എത്തിക്കുമെന്ന ചിന്തയായിരുന്നു. എന്തായാലും അല്ലാഹു അവിടത്തെ പ്രാർത്ഥന കേട്ടു. ആ ബുദ്ധിമുട്ടുകളകറ്റി. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തേയും ഒരു അടയാളമായി പറഞ്ഞിരുന്നു. അവിടന്ന് പറയുന്നു: ഞാൻ എന്റെ ആദ്യഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യാ എഴുതിയപ്പോൾ, അത് പ്രസിദ്ധീകരിക്കാൻ പണമില്ലായിരുന്നു. ആരാലും അറിയപ്പെടാത്ത ഒരാളായിരുന്നു ഞാൻ. ആർക്കും എന്നെ പരിചയമുണ്ടായിരുന്നില്ല. അപ്പോൾ ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തു. ഈ ഇൽഹാം ഉണ്ടായി.

***ഹുസ്സീ ഇലയ്ക്ക ബിജിദ്ഇന്നഖ്‌ലത്തി. തുസാഖിത് അലയ്ക്ക റുത്വബൻ ജനിയാ.*** അതായത്, ഈന്തമരത്തെ നിന്നിലേക്ക് കുലുക്കുക. നിന്നിൽ പഴുത്തുപാകമായ പുത്തൻ ഈത്തപ്പഴം അത് വീഴ്ത്തും.

അങ്ങനെ ഞാൻ ഈ കല്പനയനുസരിച്ച് പ്രവർത്തിക്കാൻ ഒന്നാമതായി പട്ടിയാലമന്ത്രിയായ ഖലീഫ സയ്യിദ് മുഹമ്മദ് അഹ്സ്സൻ സാഹിബിന് കത്തെഴുതി. അല്ലാഹു അവൻ ചെയ്ത വാഗ്ദാനം പോലെ, അദ്ദേഹത്തെ എന്നിലേക്ക് ചായിച്ചു. അദ്ദേഹം താമസംവിന 250 രൂപ അയച്ചുതന്നു. പിന്നീട് രണ്ടാവട്ടവും 250 രൂപ തന്നു. (അക്കാലത്ത് പണത്തിന് വലിയ വിലയായിരുന്നു എന്ന കാര്യം ഓർക്കുക. ആ പണം കൊണ്ട് ഒരുപാട് പണി നടന്നിട്ടുണ്ടാകും) പറയുന്നു. വേറെയും ചിലർ പൈസ നല്കി സഹായിച്ചു. ഇപ്രകാരം അപ്രതീക്ഷിതമായി ആ ഗ്രന്ഥം അച്ചടിച്ചു. അല്ലാഹു നല്കിയ ആ വാഗ്ദാനം പൂർത്തിയായി. ഇതിന് ഒന്നോ രണ്ടോ വ്യക്തികൾ അല്ല, ഹിന്ദുക്കൾ ഉൾപ്പെടെ അനവധിയാളുകൾ ഇതിന് സാക്ഷികളാണ്.

ഒരുപാടാളുകൾ ഈ ഗ്രന്ഥം അച്ചടിക്കാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിച്ചു. എന്നാൽ ചില ആലിംകൾ ഇംഗ്ലീഷ് സർക്കാരിനെ ഭയന്ന് കിതാബ് വാങ്ങാൻ തയ്യാറായില്ല. അതിന്റെ ഒരു ഉദാഹരണം ഹയാത്തെ ത്വയ്യിബായിൽ ശേയ്ഖ് അബ്ദുൽ ഖാദിർസാഹിബ് എഴുതയിട്ടുണ്ട്.

സിദ്ദീഖ് ഹസ്സൻ സാഹിബ്, ആദ്യം പുസ്തകമയക്കാൻ പറഞ്ഞുവെങ്കിലും പിന്നീട് നിഷേധിച്ചു. നവാബ് സിദ്ദീഖ് ഹസ്സൻ സാഹിബ് അഹ്‌ലെഹദീസുകാരുടെ ഒരു പ്രസിദ്ധ പണ്ഡിതനായിരുന്നു. ഭോപ്പാൽ ഭരണാവകാശി നവാബ് ശാജഹാൻ ബീഗവുമായി അദ്ദേഹത്തിന്റെ വിവാഹം നടന്നിരുന്നു. അവിടെ വിവാഹം കഴിച്ച കാരണത്താൽ അദ്ദേഹത്തിന്റെ ഖ്യാതി വർദ്ധിച്ചു. ദീനീഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും കഠിനാധ്വാനം ചെയ്തയാളാണ് അദ്ദേഹം. അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) നവാബ് സിദ്ദീഖ് ഹസ്സൻ സാഹിബിനോട് ഇസ്‌ലാമിനുവേണ്ടി വേദനിക്കുന്ന മുസ്‌ലിം എന്ന നിലയ്ക്ക് ബറാഹീന അഹ്മദിയ്യാ പ്രസിദ്ധീകരിക്കുന്നതിൽ ഭാഗഭാക്കാകാൻ പറഞ്ഞു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബറാഹീനെ അഹ്മദിയ്യായുടെ 15, 20 പുസ്തകങ്ങൾ വാങ്ങാൻ താൽപര്യം പ്രകടിപ്പിച്ചു. എന്നാൽ, രണ്ടാമത് ഓർമ്മപ്പെടുത്തിയപ്പോൾ, ബ്രിട്ടീഷ് സർക്കാരിനെ ഭയമാണെന്ന് പറഞ്ഞ് നിഷേധിച്ചു. പോസ്റ്റലിൽ എത്തിയ ബറാഹീനെ അഹ്മദിയ്യായുടെ പായ്ക്കറ്റ് പൊട്ടിച്ച്, കീറി തിരിച്ചയച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യനായ ഹാഫിസ് അഹ്മദ് അലി സാഹിബ് പറയുന്നു: ഗ്രന്ഥം തിരിച്ചുവന്നപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വീട്ടിൽ ഉലാത്തുകയായിരുന്നു. കീറിയ പുസ്തകത്തിന്റെ അവസ്ഥ കണ്ടുകൊണ്ട്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖം വിളറി.

ദ്വേഷംകൊണ്ട് ചെമന്നു. എന്റെ ജീവിതത്തിലൊരിക്കലും ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ ദ്വേഷപ്പെട്ടതായി ഞാൻ കണ്ടിട്ടില്ല. അവിടത്തെ മുഖം കണ്ടപ്പോൾ, അനിതരസാധാരണമായ വെറുപ്പ് ഉണ്ടായിരിക്കുന്നുവെന്ന് മനസ്സിലായി. അവിടന്ന് മുമ്പേ പോലെ ഉലാത്തിക്കൊണ്ടിരുന്നു. നിശബ്ദനായിരുന്നു. പെട്ടെന്ന് നാവിൽനിന്ന് ഈ വാക്കുകൾ പുറത്തുവന്നു. ***അച്ഛാ തും അപ്നെ ഗവർമെന്റ്കൊ ഖുശ്കർലോ.*** നീ നിന്റെ സർക്കാരിനെ സന്തോഷിപ്പിച്ചുകൊള്ളുക. എന്നിട്ട് ഇദ്ദേഹത്തിന്റെ അഭിമാനം കീറിമുറിച്ചാലും എന്ന് പ്രാർത്ഥിച്ചു. ഇതിനുശേഷം ബറാഹീനെ അഹ്മദിയ്യായുടെ നാലാം ഭാഗം അവിടന്ന് എഴുതിയപ്പോൾ, നവാബ് സാഹിബിന്റെ ഈ പ്രവൃത്തിയെ ഓർത്തുകൊണ്ടെഴുതി. നാം നവാബ് സാഹിബിനെ പ്രതീക്ഷാകേന്ദ്രമാക്കുന്നില്ല. പ്രതീക്ഷാകേന്ദ്രം ഔദാര്യമുടയവനായ അല്ലാഹു തന്നെയാണ്. അവൻ മതിയായവനാണ്. ഇംഗ്ലീഷ് സർക്കാർ എപ്പോഴും നവാബ് സാഹിബിൽ ഒരുപാട് സന്തോഷിക്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് എഴുതി കുറച്ചുമാസം കഴിഞ്ഞപ്പോൾ ഇംഗ്ലീഷ് സർക്കാർ- അവരെ സന്തോഷിപ്പിക്കാനാണ് നവാബ് സാഹിബ് ബറാഹീനെ അഹ്മദിയ്യാ തിരസ്കരിച്ചത്- ഒരു രാഷ്ട്രീയകേസ്സുണ്ടാക്കി. 'നവാബ്' എന്ന സ്ഥാനവും അദ്ദേഹത്തിൽനിന്ന് തിരിച്ചുവാങ്ങി. ഇക്കാരണത്താൽ നവാബ് സാഹിബ് വളരെ വിഷമിച്ചു. ഇതിൽനിന്ന് രക്ഷപ്പെടാൻ കൈകാലിട്ടടിച്ചു. പക്ഷേ, ഒന്നും വിജയിച്ചില്ല. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നവാബ് സിദ്ദീഖ് ഹസ്സൻ സാഹിബിന് പരീക്ഷണം നേരിടേണ്ടിവന്നു. അതും എന്റെ ഒരു പ്രവചനത്തിന്റെ ഫലമാണ്. അത് ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എന്റെ ഗ്രന്ഥം ബറാഹീനെ അഹ്മദിയ്യാ കുത്തിക്കീറി തിരിച്ചയച്ചിരുന്നു. ഞാൻ ദുആ ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അഭിമാനം കീറിമുറിക്കാൻ. അങ്ങനെതന്നെ അത് പുലർന്നു.

തന്റെ തെറ്റിനെക്കുറിച്ച് നവാബ് സാഹിബിന് ബോധമുണ്ടായപ്പോൾ അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് വളരെ വേദനയോടെ, വിനയത്തോടെ ദുആക്ക് അപേക്ഷിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അപ്പോൾ അദ്ദേഹം ദയക്കർഹനാണെന്ന് ഞാൻ മനസ്സിലാക്കി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു. അല്ലാഹു എന്നോടു പറഞ്ഞു. ശിക്ഷയിൽനിന്ന് ഇദ്ദേഹത്തിന്റെ അഭിമാനത്തെ രക്ഷപ്പെടുത്തിയിരിക്കുന്നു. അവസാനം കുറച്ചുകാലത്തിനുശേഷം സർക്കാരിൽനിന്ന്, അദ്ദേഹത്തിന്റെ നവാബ് എന്ന പദവി നിലനിറുത്താൻ കല്പന വന്നു.

പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ സ്വീകരണം ഒരു വിജ്ഞാനദൃഷ്ടാന്തത്തിലൂടെ വെളിപ്പെട്ടു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു ഗ്രന്ഥത്തിന്റെ പദ്യഭാഗം ഫാർസി ഭാഷയിൽ എഴുതി. ഒരിക്കൽ ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് പറഞ്ഞു: ഹുസൂർ! അല്പം അറബിഭാഷയിലും എഴുതിയാലും. ഹസ്റത്ത് മസീഹ് മൗഊദ്(അ) വളരെ വിനയത്തോടെ എനിക്ക് അറബിഭാഷ അറിയില്ലെന്ന് പറഞ്ഞു. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു. ഹുസൂറിന് അറബി അറിയാമെന്ന് ഞാനെപ്പോഴാണ് പറഞ്ഞത്. ഞാനുദ്ദേശിച്ചത് തൂർമലയിൽ പോയി അവിടെനിന്ന് എന്തെങ്കിലും കൊണ്ടുവരാനാണ്. പറഞ്ഞു, ഞാൻ ദുആ ചെയ്യും. (അദ്ദേഹം പറഞ്ഞത് ദുആ ചെയ്ത് അല്ലാഹുവിൽനിന്ന് ചോദിച്ചുവാങ്ങുക എന്ന അർത്ഥത്തിലാണ്) ഇതിനുശേഷം അവിടന്ന് പോയി. രണ്ടാമത് തിരിച്ചു വെളിയിൽ വന്ന് ചിരിച്ചുകൊണ്ടു പറഞ്ഞു. "മൗലവി സാഹിബേ, ഞാൻ ദുആ ചെയ്തുകൊണ്ട് അറബിയിൽ എഴുതാൻ തുടങ്ങി. അപ്പോൾ അതെളുപ്പമായി എനിക്കനുഭവപ്പെട്ടു. ഒരു പദ്യത്തിന്റെ ആദ്യത്തെ നൂറുവചനങ്ങൾ അറബിയിൽ എഴുതികൊണ്ടുവന്നിട്ടുണ്ട്. അങ്ങ് കേട്ടാലും." ഇത് അറബിയിൽ അവിടന്ന് ആദ്യമെഴുതിയതാണ്. ആയിനയെ കമാലാത്തെ ഇസ്ലാമിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുശേഷം പല ഗ്രന്ഥങ്ങളും അവിടന്ന് അറബിഭാഷയിൽ രചിച്ചു. ലോകത്തുള്ള എല്ലാ പണ്ഡിതന്മാരോടും, സാഹിത്യസമ്പുഷ്ടവും ആശയനിർഭരവുമായ ഇത്തരം ഗ്രന്ഥം എഴുതിക്കൊണ്ടുവരാൻ അവിടന്ന് ആഹ്വാനം ചെയ്തു. എന്നാൽ ഇതിനെതിരിൽ എഴുന്നേറ്റുനില്ക്കാൻ ആർക്കും അതിന് ശക്തിയുണ്ടായില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവർത്തനങ്ങളുടെയെല്ലാം അടിത്തറ ദുആയിൽ ആയിരുന്നു. അവിടത്തെ ജീവിതത്തിന്റെ സിംഹഭാഗവും ദുആയിലൂടെയാണ് കഴിഞ്ഞപോയത്. ഓരോ പ്രവൃത്തിക്കും മുമ്പേ അവിടന്ന് ദുആ ചെയ്യുമായിരുന്നു. സുഹൃത്തുക്കളോടും ദുആ ചെയ്യാൻ പറയാറുണ്ടായിരുന്നു. ദുആയെ മഹത്തായൊരു അനുഗ്രഹമായി അവിടന്ന് വിശ്വസിച്ചിരുന്നു. മറ്റൊരു മാർഗ്ഗത്തേയും ഇത്ര സ്വാധീനം ചെലുത്തുന്നതായി അവിടന്ന് പറയാറുണ്ടായിരുന്നില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർമ്മിച്ചുകൊള്ളുക! അല്ലാഹുവിന്റെ ദാസന്മാരുടെ

സ്വീകാര്യത തിരിച്ചറിയുന്നതിന് ദുആ സ്വീകരിക്കപ്പെടുന്നതും ഒരു വലിയ അടയാളമാണ്. ദുആ സ്വീകരിക്കപ്പെടുന്നതുപോലെ, മറ്റൊരു അടയാളവുമില്ല. കാരണം ദുആ സ്വീകരിക്കപ്പെടുന്നതിൽനിന്ന് സ്ഥാപിതമാകുന്നത് ഒരു ദാസന് ദൈവികസവിധത്തിൽ വിലയും നിലയും ഉണ്ടെന്നാണ്. എപ്പോഴും ദുആ സ്വീകരിക്കപ്പെടണമെന്നത് നിർബന്ധമായ കാര്യമല്ല. ചിലപ്പോൾ അല്ലാഹു അവന്റെ ഇഷ്ടം സ്വീകരിക്കാറുണ്ട്. പക്ഷേ, അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നവരാണെന്നതിന് മറ്റുള്ളവരെ അപേക്ഷിച്ച് അധികമധികമായി അവരുടെ ദുആ സ്വീകരിക്കപ്പെടുന്നു എന്നതാണ്. ദുആയുടെ സ്വീകര്യതയിൽ, അവരോട് മത്സരിക്കാൻ ആർക്കും സാധ്യമല്ല. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു കൊണ്ട് പറയുന്നു. ആയിരക്കണക്കിന് എന്റെ ദുആകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അത് മുഴുവനും എഴുതുകയാണെങ്കിൽ വലിയൊരു ഗ്രന്ഥമായിരിക്കുമത്."

വീണ്ടും അവിടന്ന് പറയുന്നു. "ദുആയും-സ്വീകരണവും തമ്മിൽ ഒരു ബന്ധമുണ്ട്. മനുഷ്യൻ ഉണ്ടായകാലം മുതൽ അത് ഒരുപോലെ നടന്നുവരുന്നു. എന്തെങ്കിലും ചെയ്യാൻ അല്ലാഹുവിന്റെ തീരുമാനമുണ്ടാകുമ്പോൾ, അല്ലാഹുവിന്റെ നടപടിക്രമം എന്നുപറയുന്നത്, അവന്റെ ഏതെങ്കിലും ആത്മാർത്ഥദാസർ, വിഷമത്തോടും സങ്കടത്തോടും കൂടി ദുആയിൽ മുഴുകുന്നു എന്നതാണ്. എല്ലാ ധൈര്യവും ശ്രദ്ധയും അക്കാര്യം ഉണ്ടായിത്തീരുന്നതിനായി അവർ ചെലുത്തുന്നു. അപ്പോഴാണ് ആ നശ്വരനായ പുരുഷന്റെ ദുആ ദൈവികാനുഗ്രഹത്തെ ആകാശത്തിൽനിന്ന് വലിച്ചെടുക്കുന്നത്. അല്ലാഹു ആ കാര്യം സാധിക്കുന്നതിന് പുതിയ കാരണങ്ങൾ സൃഷ്ടിക്കുന്നു. ഇതാണ് ദുആ. ഇതുമുഖേന അല്ലാഹു തിരിച്ചറിയപ്പെടുന്നു. ആയിരക്കണക്കിന് പർദ്ദയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന പ്രതാപവാനായ അവനെക്കുറിച്ച് അറിയാൻ കഴിയുന്നു. ദുആ ചെയ്യുന്നവർക്കായി ആകാശം ഭൂമിയോടടുത്തുവരുന്നു. ദുആ സ്വീകരിക്കപ്പെട്ടുകൊണ്ട് പ്രയാസങ്ങൾ അകറ്റാൻ പുതിയ കാരണങ്ങൾ സൃഷ്ടിക്കുന്നു. അതിനെക്കുറിച്ചുള്ള അറിവ് കാലേക്കൂട്ടി നല്കപ്പെടുന്നു. കുറഞ്ഞപക്ഷം ആണി തറച്ചുകയറുന്നതുപോലെ ദുആ സ്വീകരിക്കുമെന്നുള്ള വിശ്വാസം ഹൃദയത്തിൽ കുടിയിരിക്കുന്നു."

സത്യമിതാണ്. ഈ ദുആ ഇല്ലെങ്കിൽ ഒരു മനുഷ്യനും അല്ലാഹുവിനെക്കുറിച്ച് അനുഭവജ്ഞാനം വരെ എത്തുകയില്ല. ദുആയിലൂടെ ഇൽഹാം ലഭിക്കുന്നു. ദുആയിലൂടെ നാം അല്ലാഹുവുമായി സംസാരിക്കുന്നു. മനുഷ്യൻ ആത്മാർത്ഥതയോടും ഏകദൈവവിശ്വാസത്തോടും സ്നേഹത്തോടും സത്യസന്ധതയോടും പവിത്രതയോടും ഉറപ്പോടും കൂടി ദുആ ചെയ്യുമ്പോൾ ഫനായുടെ അവസ്ഥയിൽ എത്തിച്ചേരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നത് അപ്പോൾ ആ ജീവനുള്ള ദൈവം അവനിൽ വെളിപ്പെടുന്നുവെന്നാണ്. ഭൗതികമായ ഉദ്ദേശ്യങ്ങൾ പ്രാപിക്കുന്നതിനുവേണ്ടി മാത്രമല്ല ദുആ. മറിച്ച്, ദുആയ്ക്കുശേഷം വെളിപ്പെടുന്ന ഈ സ്വാഭാവികമായ അടയാളങ്ങൾ പ്രകടമാകാതെ ആ സത്യവാനും പ്രതാപവാനുമായ ദൈവത്തെ പ്രാപിക്കുകയില്ല. അവനിൽ നിന്ന് മനുഷ്യർ അകന്നുകിടക്കുകയാണ്.

ദുആ നിരർത്ഥവും വ്യർത്ഥവുമായ ഒന്നാണെന്ന് അവർ കരുതുന്നു. എന്നാൽ, തന്നെ അന്വേഷിക്കുന്നവന്റെമേൽ തന്നെ വെളിപ്പെടുത്തുന്നതും താൻ സർവശക്തനാണെന്ന ഇൽഹാം അവന്റെ ഹൃദയത്തിലിടുന്നതും ഈ ദുആ ഒന്നുമാത്രമാണ്. ദൃഢവിശ്വാസത്തിനുവേണ്ടി ദാഹിക്കുകയും വിശക്കുകയും ചെയ്യുന്ന ഓരോരുത്തരും ഓർമ്മിക്കുക, ഈ ജീവിതത്തിൽ ആത്മീയജീവിതത്തെ അനുഗ്രഹിക്കുന്നവർക്ക് ദുആ ഒന്നുമാത്രമാണ് അല്ലാഹുവിലുള്ള ദൃഢവിശ്വാസം നല്കുന്നത്. അങ്ങനെ എല്ലാ സംശയങ്ങളും സന്ദേഹങ്ങളും അകറ്റുന്നു. കാരണം, ദുആ കൂടാതെ, ഏതെങ്കിലും ഉദ്ദേശ്യം ആർക്കെങ്കിലും ലഭിക്കുന്നെങ്കിൽ അവന്നറിയില്ല അതെവിടെനിന്ന് എങ്ങനെയാണ് അവനു കിട്ടിയതെന്ന്.

അല്ലാഹു നമ്മുടെ ദുആയിൽ കൂടുതൽ ദൃഢവിശ്വാസം നല്കുമാറാകട്ടെ. അവന്റെ ഫള്ലുകൊണ്ട് അതിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. നമ്മെ അവന്റെ സമീപത്തിലേക്കടുപ്പിച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടിയും അവന്റെ സമീപസ്ഥരിൽ അവൻ നമ്മെ ഉൾപ്പെടുന്നതിനുവേണ്ടിയും അല്ലാഹുവിലുള്ള വിശ്വാസവും അവൻ സർവ്വശക്തനാണെന്നുള്ള ബോധവും അവൻതന്നെ നമുക്ക് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 25.8.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala